**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**

| ജനുവരി<br>JANUARY | 14 | 2018 |
|---|---|---|

**ശബരിമല പത്രക്കുറിപ്പ്-1**



മീഡിയ സെന്റർ ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidanam2018@gmail.com

---

# ഹരിവരാസനം പുരസ്കാരം കെ.എസ് ചിത്രയ്ക്ക് സമ്മാനിച്ചു

ശബരിമല: മതസൗഹാർദത്തിനും ദേശീയോദ്ഗ്രഥനത്തിനും നൽകിയ സംഭാവനകൾ പരിഗണിച്ച് കേരള സർക്കാർ നൽകുന്ന 2018ലെ ഹരിവരാസനം പുരസ്കാരം പ്രശസ്ത ഗായിക കെ.എസ് ചിത്രയ്ക്ക് സന്നിധാനത്ത് ദേവസ്വം, സഹകരണ വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ സമ്മാനിച്ചു. ചിത്ര തൻെറ സുദീർഘമായ ഗാനജീവിതത്തിനിടയിൽ രാജ്യത്തിൻെറ മതസൗഹാർദത്തിനും ദേശീയോദ്ഗ്രഥനത്തിനും ധാരാളം സംഭാവനകൾ നൽകിയതായി മന്ത്രി പറഞ്ഞു. മലയാളത്തിലും വിവിധ ഇന്ത്യൻ ഭാഷകളിലുമായി ഇരുപതിനായിരത്തോളം ഗാനങ്ങൾ ആലപിക്കുക എന്നത് അപൂർവമായ നേട്ടമാണ്. മലയാളത്തിൻെറ ഓമനപുത്രിയും സ്വകാര്യ അഹങ്കാരവുമായ ചിത്ര യേശുദാസിനൊപ്പം ചേർത്തുവെക്കാവുന്ന അതുല്യ ഗായികയാണ്. ഹരിവരാസനം പുരസ്കാരം ലഭിക്കുന്ന ആദ്യ വനിതയാണ് ചിത്രയെന്നും മന്ത്രി പറഞ്ഞു. തനിക്ക് ലഭിച്ച ഏറ്റവും വലിയ പുരസ്കാരമാണിതെന്ന് മറുപടി പ്രസംഗത്തിൽ ചിത്ര പറഞ്ഞു. മാളികപ്പുറമായി ഇരുമുടിക്കെട്ടേന്തി അയ്യപ്പ ദർശനം നടത്തിയാണ് ചിത്ര പുരസ്കാരം സ്വീകരിക്കാനെത്തിയത്.

ശ്രീധർമശാസ്താ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ രാജു എബ്രഹാം എം.എൽ.എ അധ്യക്ഷത വഹിച്ചു. ബി. അജയകുമാർ പ്രശസ്തി പത്രം വായിച്ചു. ശബരിമല ഉന്നതാധികാര സമിതി ചെയർമാൻ റിട്ട. ജസ്റ്റിസ് എസ്. സിരിജഗൻ മുഖ്യപ്രഭാഷണം നടത്തി. റിട്ട. ജസ്റ്റിസ് അരിജിത് പസായത്, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് എ. പത്മകുമാർ, ബോർഡ് അംഗം കെ.പി ശങ്കരദാസ്, കമീഷണർ സി.പി രാമരാജപ്രേമ പ്രസാദ്, നടൻ

ജയറാം എന്നിവർ സംസാരിച്ചു. സോപാന സംഗീതത്തോടെയാണ് ചടങ്ങിന് തുടക്കമായത്. പുരസ്കാരം സ്വീകരിച്ച ശേഷം ചിത്ര സ്വാമിഭക്തിയിലലിഞ്ഞ് നടത്തിയ ഗാനാർച്ചന തീർഥാടകർക്ക് വിരുന്നായി. മലയാളത്തിന് പുറമെ തമിഴ്, തെലുങ്ക് ഭാഷകളിലും ഗാനമാലപിച്ച് വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ ഭക്തരുടെ നിറഞ്ഞ കൈയടി നേടി.
2012ലാണ് ആദ്യമായി ഹരിവരാസനം അവാർഡ് നൽകിയത്. അത് കെ ജെ യേശുദാസിനായിരുന്നു. ജയൻ(ജയവിജയ), പി. ജയചന്ദ്രൻ, എസ്.പി ബാലസുബ്രഹ്മണ്യൻ, എം.ജി ശ്രീകുമാർ, ഗംഗൈ അമരൻ എന്നിവർ തുടർന്നുള്ള വർഷങ്ങളിൽ പുരസ്കാരത്തിന് അർഹരായി.

## ***ശബരിമല വികസനം സമയബന്ധിതമായി പൂർത്തീകരിക്കും-മന്ത്രി കടകംപള്ളി സുരേന്ദ്രൻ***

ശബരിമല: ശബരിമലയിൽ 305 കോടിയുടെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് ദേവസ്വം, സഹകരണ വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. മകരവിളക്ക് മഹോത്സവത്തിൻെറ അവസാന വട്ട ഒരുക്കങ്ങൾ അവലോകനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ശബരിമല ഉന്നതാധികാര സമിതിയെ സജീവമാക്കിയതായും ഉപദേശക സമിതി രൂപീകരിച്ചതായും മന്ത്രി പറഞ്ഞു. മകരവിളക്ക് മഹോത്സവത്തിന് വിവിധ വകുപ്പുകളുടെ ഫലപ്രദമായ ഏകോപനം സാധ്യമാക്കിയതിന് അഭിനന്ദനം അറിയിച്ച മന്ത്രി ഈ സീസണിൽ ഭക്തരുടെ സൗകര്യവും ക്ഷേമവും പുണ്യദർശനവും സാധ്യമാക്കാൻ സാധിച്ചതായും പറഞ്ഞു.
രാജു എബ്രഹാം എം.എൽ.എ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് എ. പത്മകുമാർ, പത്തനംതിട്ട ജില്ലാ കലക്ടർ ആർ. ഗിരിജ, ബോർഡ് അംഗം കെ.പി ശങ്കരദാസ്, എക്സിക്യൂട്ടീവ് ഓഫീസർ വി.എൻ. ചന്ദ്രശേഖരൻ തുടങ്ങിയവർ സംബന്ധിച്ചു.

## ***സംക്രഭമാഭിഷേകത്തിന് കവടിയാർ കൊട്ടാരത്തിൽനിന്നുള്ള നെയ്യ് മാത്രം***

ശബരിമല: മകരസംക്രമാഭിഷേകം ചെയ്യുന്നതിന് ഇത്തവണ തിരുവനന്തപുരം കവടിയാർ കൊട്ടാരത്തിൽനിന്നുള്ള നെയ്യ് മാത്രമാണ് ഉപയോഗിക്കുന്നതെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് എ. പത്മകുമാർ പറഞ്ഞു. മുൻ വർഷങ്ങളിൽ കവടിയാർ കൊട്ടാരത്തിൽനിന്നുള്ള നെയ്യിനൊപ്പം മറ്റുള്ളവർ നൽകുന്നതും ഉപയോഗിച്ചിരുന്നതായും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ 26 വർഷമായി നെയ്ത്തേങ്ങയുമായി കന്നി അയ്യപ്പനെ കൊണ്ടുവരുന്ന തിരുവനന്തപുരം സ്വദേശി രാമനാഥൻ ഗുരുസ്വാമി, കന്നി അയ്യപ്പൻ വിഘ്നേശ്വരൻ എന്നിവരാണ് കവടിയാർ കൊട്ടാരത്തിൽനിന്നുള്ള നെയ്യ് എട്ട് നെയ്ത്തേങ്ങകളിൽ നിറച്ച് എത്തിച്ചത്.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 14 | 2018 |
|---|---|



ശബരിമല പത്രക്കുറിപ്പ്-2

മീഡിയ സെന്റർ ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam2018@gmail.com

---

# ഭക്തജനലക്ഷങ്ങൾ ദർശനസായൂജ്യം നേടി

ശബരിമല: മകരസംക്രമ സന്ധ്യയിൽ, തിരുവാഭരണം ചാർത്തി ദിവ്യപ്രഭ ചൊരിഞ്ഞ, ശ്രീധർമശാസ്താവിനെ തൊഴുത് ഭക്തജനലക്ഷങ്ങൾ ദർശനസായൂജ്യം നേടി. ദീപാരാധനവേളയിൽ, 6.45ന് പൊന്നമ്പലമേട്ടിൽ പ്രത്യക്ഷമായ മകരജ്യോതിസ്സിനെ അവർ കൺനിറയെ ക ു. ശരണമന്ത്രങ്ങളാൽ മുഖരിതമായ സന്നിധാനം ഭക്തിലഹരിയിലാറാടി.

ദീപാരാധനയ്ക്ക് തൊട്ടുമുമ്പ് ഘോഷയാത്രയായെത്തിച്ച തിരുവാഭരണപേടകം തന്ത്രി മഹേഷ് മോഹനരും മേൽശാന്തി എ.വി ഉണ്ണികൃഷ്ണൻ നമ്പൂതിരിയും ചേർന്ന് ഏറ്റുവാങ്ങി. തുടർന്ന് തിരുവാഭരണങ്ങൾ ചാർത്തി ദീപാരാധന നടത്തി. സന്നിധാനത്തെത്തിയ തിരുവാഭരണ പേടകത്തെ ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ, കൊടിക്കുന്നിൽ സുരേഷ് എം.പി, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് എ. പത്മകുമാർ, പത്തനംതിട്ട ജില്ലാ കലക്ടർ ആർ. ഗിരിജ, ശബരിമല ഉന്നതാധികാര സമിതി ചെയർമാൻ റിട്ട. ജസ്റ്റിസ് എസ്. സിരിജഗൻ, ദേവസ്വം കമീഷണർ സി.പി രാമരാജപ്രേമപ്രസാദ്, റിട്ട. ജസ്റ്റിസ് അരിജിത് പസായത്, ദേവസ്വം ബോർഡ് അംഗം കെ.പി ശങ്കരദാസ്, എ.ഡി.ജി.പി. സുദേഷ് കുമാർ, ഐ.ജി. എസ്. ശ്രീജിത്ത്, ദേവസ്വം സ്പെഷൽ ഓഫീസർ എം. മനോജ്, ചീഫ് എൻജിനീയർ വി. ശങ്കരൻപോറ്റി തുടങ്ങിയവർ ചേർന്നാണ് സ്വീകരിച്ചത്.

അതിനുമുമ്പ്, ശരംകുത്തിയിലെത്തിയ തിരുവാഭരണ പേടകത്തെ എക്സിക്യുട്ടീവ് ഓഫീസർ വി.എൻ ചന്ദ്രശേഖരൻ, പോലീസ് സ്പെഷ്യൽ ഓഫീസർ ദേബേഷ് കുമാർ ബെഹ്റ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. നാദസ്വരം, പഞ്ചവാദ്യം, തകിൽ, ചെ മേളം, കർപ്പൂരാഴി മുതലായവയുടെ അകമ്പടിയോടെയായിരുന്നു തിരുവാഭരണ ഘോഷയാത്ര.

മകര സംക്രമ പൂജയോടെ ഞായറാഴ്ച ഉച്ചയ്ക്കാരംഭിച്ച മകരവിളക്ക് ആഘോഷ പരിപാടികൾ ജനുവരി 20ന് സമാപിക്കും. 18 വരെ മാത്രമേ തിരുവാഭരണം ചാർത്തിയുള്ള ദർശനം ഉ ായിരിക്കുകയുള്ളൂ. നെയ്യഭിഷേകം 19 വരെ തുടരും.

(പി.ആർ. ശബരി 463)

## എക്കാലത്തെയും മികച്ച മകരജ്യോതി ദർശനം

# സുരക്ഷിതവും സുഖകരവുമായ ദർശന സായൂജ്യത്തിൽ അയ്യപ്പന്മാർ

ശബരിമല: സുരക്ഷിതവും സുഖകരവുമായ മകരജ്യോതി ദർശനം നടത്തിയതിന്റെ സായൂജ്യത്തിൽ അയ്യപ്പന്മാർ. മകരവിളക്കിനോടനുബന്ധിച്ച് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് വിപുലവും ഫലപ്രദവുമായ ക്രമീകരണങ്ങളാണ് സംസ്ഥാന സർക്കാർ ശബരിമലയിലും പരിസര പ്രദേശങ്ങളിലും ഒരുക്കിയിരുന്നത്. ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നേരിട്ടെത്തി ക്രമീകരണങ്ങൾ കുറ്റമറ്റതാണെന്ന് ഉറപ്പുവരുത്തുകയും മകരവിളക്ക് ഉത്സവത്തിന് ആദ്യവസാനം നേതൃത്വം നൽകുകയും ചെയ്തു. ജില്ലാ കളക്ടർ ആർ. ഗിരിജ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചു. ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ ഏറ്റവും ഭംഗിയായി ഏകോപിപ്പിക്കുന്നതിന് പ്രസിഡന്റ് എ. പത്മകുമാറിനും അംഗങ്ങളായ കെ. രാഘവനും കെ.പി. ശങ്കരദാസിനും കഴിഞ്ഞതോടെ ഇത്തവണത്തെ മകരജ്യോതി ദർശനം മുൻകാലങ്ങളേക്കാൾ മികച്ചതായി മാറി.

മകരജ്യോതി ദർശനത്തിനെത്തിയ ലക്ഷക്കണക്കിന് തീർഥാടകർക്ക് മികച്ച സേവനമാണ് വിവിധ വകുപ്പുകൾ നൽകിയത്. തീർഥാടകരുടെ സുരക്ഷ ഉറപ്പു വരുത്തിക്കൊ ്, ദർശനമൊരുക്കുന്നതിൽ പോലീസ് സേന വിജയിച്ചു. എ.ഡി.ജി.പി സുദേഷ് കുമാറിന്റെ നേതൃത്വത്തിൽ സന്നിധാനത്ത് 2800, പമ്പയിലും നിലയ്ക്കലും കൂടി 2400, എരുമേലിയിൽ 350, പുല്ലുമേട്ടിൽ 450 എന്നിങ്ങനെ വിന്യസിച്ച-പൊലീസ്, എൻ.ഡി.ആർ.എഫ്, ആർ.എ.എഫ് സേനകൾ പഴുതടച്ച സുരക്ഷയൊരുക്കി. മകരജ്യോതി ദർശന സൗകര്യമേർപ്പെടുത്തിയിരുന്ന പുല്ലുമേട്, അട്ടത്തോട്, നെല്ലിമല, അയ്യൻമല, ഇലവുങ്കൽ,

പാഞ്ചാലിമേട്, പരുന്തുംപാറ, പമ്പ ഹിൽടോപ്പ്, അപ്പാച്ചിമേട് ടോപ്പ്, പമ്പ വിനായക ഗസ്റ്റ് ഹൗസിന് സമീപമുള്ള സ്ഥലം, പഞ്ഞിപ്പാറ, എന്നിവിടങ്ങളിലും പോലീസ് ഉദ്യോഗസ്ഥർ സഹായമേകി. ഹെലികാം ഉൾപ്പെടെ പഴുതടച്ച നിരീക്ഷണമാണ് പോലീസ് ഏർപ്പെടുത്തിയിരുന്നത്. പോലീസിനൊപ്പം കേന്ദ്ര സേനകളും, കമാൻഡോ വിഭാഗവും എൻഡിആർഎഫും അതീവ ജാഗ്രതയോടെ സുരക്ഷയൊരുക്കി.

മകരജ്യോതി ദർശനത്തിന് സൗകര്യമേർപ്പെടുത്തിയിരുന്ന എല്ലാ സ്ഥലങ്ങളിലും ഡ്യൂട്ടിക്കായി റവന്യു വകുപ്പിൽനിന്ന് ഓരോ ഡപ്യൂട്ടി തഹസീൽദാർമാരെയും മൂന്ന് ഉദ്യോഗസ്ഥരെയും നിയോഗിച്ചിരുന്നു. ഡ്യൂട്ടി പോയിന്റുകളിൽ നിയോഗിച്ച എല്ലാ ഉദ്യോഗസ്ഥരും അവസാനത്തെ തീർഥാടകനും വ്യൂ പോയിന്റുകളിൽ നിന്നും മടങ്ങിയതിന് ശേഷം ഇതു സംബന്ധിച്ച വിവരം കളക്ടറേറ്റ് കൺട്രോൾ റൂമിൽ അറിയിച്ചിട്ടാണ് മടങ്ങിയത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പൊതുമരാമത്ത് വകുപ്പിന്റെയും ആഭിമുഖ്യത്തിൽ മകരജ്യോതി വ്യൂപോയിന്റുകളിലെ അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിന് ബാരിക്കേഡുകൾ നിർമിച്ചിരുന്നു. തീർഥാടകർക്ക് ഭക്ഷണവും കുടിവെള്ളവും ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ സജ്ജമാക്കിയിരുന്നു.

അപകടങ്ങൾ ഒഴിവാക്കുന്നതിനും വിവിധ വകുപ്പുകൾക്ക് മുൻ കരുതൽ നിർദേശങ്ങൾ നൽകുന്നതിനും സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ റവന്യു വകുപ്പിന്റെ എമർജൻസി ഓപ്പറേഷൻ സെന്റർ പ്രവർത്തിച്ചു. മകരജ്യോതി ദർശിക്കാൻ സൗകര്യമൊരുക്കിയിരുന്ന സ്ഥലങ്ങളിലെ സുരക്ഷയും തൽസമയം എമർജൻസി ഓപ്പറേഷൻ സെന്ററുകളിലൂടെ വിലയിരുത്തി മുൻ കരുതൽ നടപടികൾ സ്വീകരിച്ചിരുന്നു. അടൂർ, തിരുവല്ല ആർഡിഒ ഓഫീസുകളിലെയും താലൂക്കുകളിലെയും കൺട്രോൾ റൂമുകളും മുഴുവൻ സമയവും പ്രവർത്തിച്ചു. ഇതിനൊപ്പം പത്തനംതിട്ട, മൈലപ്ര, വടശേരിക്കര, റാന്നി പെരുനാട്, കോന്നി, തണ്ണിത്തോട്, സീതത്തോട് വില്ലേജ് ഓഫീസുകളും 24 മണിക്കൂറും പ്രവർത്തിച്ചു. സന്നിധാനത്തും പമ്പയിലും നിലയ്ക്കലും വിവിധ മകരജ്യോതി ദർശന വ്യൂ പോയിന്റുകളിലും ഫയർഫോഴ്സ് യൂണിറ്റുകൾ അത്യാഹിതങ്ങൾ സംഭവിക്കാതെ ജാഗ്രത പുലർത്തി. അപകടങ്ങളു ായാൽ നേരിടുന്നതിന് സന്നിധാനത്തും പമ്പയിലും ഉൾപ്പെടെ ആരോഗ്യവകുപ്പിന്റെ എല്ലാ കേന്ദ്രങ്ങളിലും ഹൃദ്രോഗ വിദഗ്ധന്മാർ അടക്കം ഡോക്ടർമാരും ആരോഗ്യ പ്രവർത്തകരും സേവന സന്നദ്ധരായി നിലയുറപ്പിച്ചിരുന്നു. അത്യാഹിതമു ായാൽ ആംബുലൻസിൽ കോട്ടയം, പത്തനംതിട്ട,അടൂർ എന്നിവിടങ്ങളിലെ ആശുപത്രികളിലേക്ക് റോഡുമാർഗവും തിരുവനന്തപുരത്തേക്ക് ഹെലികോപ്ടർ മാർഗവും എത്തിക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തിയിരുന്നു. ഇതിനായി നിലയ്ക്കൽ ഹെലിപാഡിൽ വ്യോമസേനയുടെ ഹെലികോപ്ടർ സജ്ജമാക്കി നിർത്തിയിരുന്നു.

ദർശനത്തിനു ശേഷം അയ്യപ്പന്മാർക്ക് മടങ്ങുന്നതിന് കെഎസ്ആർടിസി

കുറ്റമറ്റ സംവിധാനമാണ് ഒരുക്കിയിരുന്നത്. 400 ചെയിൻ സർവീസ് ബസുകളും 800 ദീർഘദൂര സർവീസ് ബസുകളും ഉൾപ്പെടെ 1200 ബസുകൾ പമ്പ കെഎസ്ആർടിസി ഡിപ്പോയിൽ നിന്ന് മകരജ്യോതി ദർശനത്തിന് ശേഷം സർവീസ് നടത്തുന്നതിനായി ക്രമീകരിച്ചിരുന്നു. ചെയിൻ സർവീസുകൾ കുറ്റമറ്റതാണെന്ന് ഉറപ്പാക്കുന്നതിന് ഇത്തവണ പോലീസിന്റെ പൈലറ്റ് ജീപ്പ് ഓരോ ചെയിൻ സർവീസിനു മുൻപും സജ്ജീകരിച്ചിരുന്നു.

(പി.ആർ. ശബരി 464)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 14 | 2018 |
| --- | --- |

## ശബരിമല പത്രക്കുറിപ്പ്-3



മീഡിയ സെന്റർ ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidanam2018@gmail.com

# അത്യാഹിതങ്ങൾ വരാതെ കാത്തതിന്റെ നിറവിൽ എമർജൻസി ഓപ്പറേഷൻ സെന്റർ

ശബരിമല മണ്ഡല മകരവിളക്ക് ഉത്സവവുമായി ബന്ധപ്പെട്ട് അത്യാഹിതങ്ങൾ ഉ ാകാതെ കാത്തതിൽ സുപ്രധാന പങ്ക് വഹിച്ചത് ജില്ലാ കളക്ടർ ആർ. ഗിരിജയുടെ നേതൃത്വത്തിൽ പ്രവർത്തിച്ച എമർജൻസി ഓപ്പറേഷൻ സെന്റർ(അടിയന്തരഘട്ട പ്രതികരണ കേന്ദ്രം). ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലാണ് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ പ്രവർത്തിച്ചത്.

ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും സംസ്ഥാന ദുരന്തനിവാരണ പരിശീലന കേന്ദ്രവും സംയുക്തമായാണ് പ്രവർത്തനങ്ങൾ നടത്തിയത്. ശബരിമല ഉത്സവവുമായി ബന്ധപ്പെട്ട് അടിയന്തര സാഹചര്യങ്ങൾ ഉ ായാൽ എല്ലാ വകുപ്പുകളെയും കോർത്തിണക്കിക്കൊ ് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുക എന്നതാണ് അടിയന്തരഘട്ട പ്രതികരണ കേന്ദ്രത്തിന്റെ ലക്ഷ്യം. പതിനെട്ടോളം നോഡൽ വകുപ്പുകളെയാണ് ജില്ലാ കളക്ടർ ഇതിനായി തിരഞ്ഞെടുത്തിരുന്നത്. പോലീസ്, ഫയർ &റെസ്ക്യു, മോട്ടോർ വാഹനം, ഇറിഗേഷൻ, ഇലക്ട്രിസിറ്റി ബോർഡ്, അയ്യപ്പസേവാസംഘം, ദേവസ്വം ബോർഡ്, വനം വകുപ്പ്, ആരോഗ്യം എന്നിങ്ങനെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പ്രവർത്തനത്തിൽ പങ്കാളികളായി.

സന്നിധാനത്ത് എഡിഎം അനു എസ്. നായരും പമ്പയിൽ അടൂർ ആർഡിഒ എം.എ. റഹീമും നിലയ്ക്കലിൽ തിരുവല്ല ആർഡിഒ റ്റി.കെ. വിനീതും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു നേതൃത്വം നൽകി. ജില്ലാ

കളക്ടർ ചെയർമാനായ ജില്ലാ ദുരന്ത നിവാരണ അതോറിട്ടിയാണ് എമർജൻസി ഓപ്പറേഷൻ സെന്ററിന്റെ പ്രവർത്തനം നിയന്ത്രിച്ചത്. വയർലെസ്, ഹോട്‌ലൈൻ, ഹാം റേഡിയോ, വോയിസ് ഓവർ ഇന്റർനെറ്റ് പ്രോട്ടോകോൾ എന്നിവയും വിദേശ രാജ്യങ്ങളിൽ നിന്നു വരെ അയ്യപ്പന്മാർ എത്തുന്നതിനാൽ മറ്റു രാജ്യങ്ങളുടെ എംബസികളെ ബന്ധപ്പെടുന്നതിനുള്ള സജ്ജീകരണങ്ങൾ വരെ എമർജൻസി ഓപ്പറേഷൻ സെന്ററിൽ ഒരുക്കിയിരുന്നു. അടിയന്തിര സാഹചര്യങ്ങൾ ഉ ായാൽ എത്രത്തോളം അയ്യപ്പന്മാരെ ഒഴിപ്പിച്ചു മാറ്റേ ിവരും എന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ വിവിധ വകുപ്പ് മേധാവികൾക്കും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കും ഈ കേന്ദ്രത്തിൽ നിന്നും നൽകിയിരുന്നു. ദുരന്തനിവാരണ നിയമം 2005 പ്രകാരം പ്രവർത്തിച്ചു വരുന്ന ഈ കേന്ദ്രം ദുരന്തനിവാരണ വിദഗ്ധരുടെ കൂട്ടായ്മയിലാണ് പ്രവർത്തിച്ചത്.

(പി.ആർ. ശബരി 465)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.